റാവുസാഹിബ്ബ് പി. വി. റാഫേൽ : അതൊക്കെ സാദ്ധ്യമാകാം. പക്ഷെ സ്പെഷ്യൽ കോട്ടിൽ വളരെ കോൺഫിൻഷ്യൽ ആയിട്ടുള്ള കേസ്സുകളാണ് നടത്തുന്നതു്. അതുകൊണ്ടു് അതു താലൂക്കാഫീസിലത്തു് നടത്താൻ നിവൃത്തിയില്ലെന്നു് എഴുതി അയച്ചിട്ടുണ്ടു്. പിന്നെ അതു കുറച്ചുകാലത്തേക്കു് മാത്രം മതിയാകുന്നതുമാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : സാധാരണയായി ഡിസ്ട്രിക്ടു് മജിസ്ട്രേട്ടുകോടതി ആഴ്ചയിൽ രണ്ടു തവണയാണു് കൂടാറുള്ളതു്. അപ്പോൾ സ്പെഷ്യൽ മജിസ്ട്രേട്ടുകോടതിയും അപ്പോൾതന്നെ കൂടാൻ സൌകര്യമുണ്ടല്ലോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ : അങ്ങിനെ ചെയ്യാൻ വിരോധമില്ല. പക്ഷെ നേരത്തെ റിപ്പോർട്ടുചെയ്തതനുസരിച്ചു് അങ്ങിനെ ചെയ്യുകയുള്ളു.

മിസ്റ്റർ കെ. ഐ. വേലായുധൻ : ചുവട്ടിൽ നിന്നു രണ്ടാംക്ലാസ്സു് മജിസ്ട്രേട്ടുകോടതി പോയതുകൊണ്ടു് കക്ഷികൾക്കു വളരെയധികം അസൌകര്യമുണ്ടെന്നുള്ളതു ഗവൺമെണ്ടിനറിയാമോ?

റാവുസാഹിബ്ബ് പി. വി. റാഫേൽ : പറയത്തക്ക അസൌകര്യമുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്റെ നോട്ടീസ്സിൽ കൊണ്ടുവന്നിട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഇവിടെ തന്നിട്ടുള്ള ഉത്തരത്തിൽ ആ മുറിക്കു രണ്ടു ജനലും, രണ്ടു വാതിലും ഉണ്ടെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ അവിടെ ഒരു ജനലും ഒരു വാതിലും മാത്രമേ ഉള്ളു. ഒരു ജനലും ഒരു വാതിലും മാത്രമേ ആ മുറിക്കു ഉള്ളുവെന്ന പരിക്ഷണത്തിൽ അറിയുന്നപക്ഷം ആ സ്ഥലത്തു നിന്നും ആഫീസ്സു മാറ്റുന്നതുകൊണ്ടു് വിരോധമുണ്ടൊ?

റാവുസാഹിബ്ബ് പി. വി. റാഫേൽ : ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടനുസരിച്ചാണു് അവിടെ കോടതി നടത്തുന്നതു്. അവിടെ വെൻറിലേഷൻ പോരാ എന്നുള്ള യാതൊരാക്ഷേപവും കിട്ടിയിട്ടില്ല. പോരെങ്കിൽ അതു് അധിക കാലത്തേക്കു വേണ്ടല്ലൊ.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഞങ്ങൾ അവിടെ പെരുമാറുന്ന ആളുകളാണു്. എട്ടുപത്തു മേശയും, പത്തിരുപതു കസേരയും ഇട്ടിരിക്കുന്ന അവിടെ പത്തു ക്ലാർക്കുമാർക്കു പെരുമാറണം. അങ്ങിനെയുള്ള സ്ഥലത്തു് എങ്ങിനെയാണു് പെരുമാറുന്നതു്.

റാവുസാഹിബ്ബ് പി. വി. റാഫേൽ : അവിടെ അസൌകര്യമുണ്ടെന്നു റിപ്പോർട്ടു വന്നാൽ അതിനെപ്പറ്റി ആലോചിക്കാം. വേണ്ടുന്ന സൌകര്യങ്ങൾ ചെയ്യുന്നതിനു് വിരോധമില്ല.

മിസ്റ്റർ പി. കെ. ഡിവർ : ആരാണു് റിപ്പോർട്ടു് ചെയ്യേണ്ടതു്.

റാവുസാഹിബ്ബ് പി. വി. റാഫേൽ : ഡിസ്ട്രിക്ടു് മജിസ്ട്രേട്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ : സ്പെഷ്യൽ മജിസ്ട്രേട്ടുകോട്ടു് കൊടുങ്ങല്ലൂക്കു് മാറ്റുന്നതിനെപ്പറ്റി ആലോചനയുണ്ടോ?

Rao Sahib P. V. Raphael (*Chief Secretary to Governmet*): There was some proposal.

മിസ്റ്റർ കെ. ടി. അച്യുതൻ : ഗവൺമെണ്ടു തീരുമാനത്തിലെത്തിയിട്ടില്ലെ?

Rao Sahib P.V. Raphael (*Chief Secretary to Government*): Government have not decided to transfer it' at any rate, permanently to Cranganur.

QUARTERS FOR LOW-PAID SUBORDINATES—PROVISION FOR

164. Mrs. T. Francis (*Ernakulam Women*): Will Government be pleased to state what action they have taken, since they introduced the Rent Control Order in 1117, to provide quarters for their low-paid subordinates and thus easing the housing problem in the Town?

Rao Sahib K. Ayyappan (*Minister for Public Works*): A scheme for providing residential quarters to low-paid Government officers at Ernakulam has been included in the Government's Post-war Development programme. Steps are being taken to implement the scheme.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : Post-war Devloptment programme എന്നൊക്കെ പറയാറുണ്ടു്. അതിൽ എന്തെങ്കിലും ഇതുവരെ ചെയ്തിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : ചിലതൊക്കെ ചെയ്തിട്ടുണ്ടു്. വൈദ്യുതി കരയിലേക്കു ശുദ്ധജലം കൊടുക്കുക മുതലായ പലതും ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : യുദ്ധാനന്തര പുനഃസംവിധാന പദ്ധതിയിൽ എറണാകുളത്തെ ചുരങ്ങിയ ശമ്പളക്കാർക്കു് സർക്കാർ ചിലവിന്മേൽ കെട്ടിടം ഉണ്ടാക്കാനുള്ള പദ്ധതിയും പെട്ടിട്ടുണ്ടോ? അതംഗീകരിച്ചിട്ടുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ : അംഗീകരിച്ചിട്ടുണ്ടു്; നടപ്പാക്കിയിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തൃശ്ശിവപേരൂരും ഇതിൽ പെടുമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : പെടും.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : ഇതു വളരെ ഗൌരവമായ കാര്യമാണു്. കുറഞ്ഞ ശമ്പളക്കാർക്കു് വീടുകൾ കിട്ടുന്നതിനുള്ള വിഷമം ഗവൺമെണ്ടു മനസ്സിലാക്കിയതു കൊണ്ടാണു് ഗവൺമെണ്ടിൽനിന്നുതന്നെ അവർക്കു വീടുകൾ ഉണ്ടാക്കിക്കൊടുക്കാമെന്നു തീരുമാനിച്ചു് അതിനുള്ള പദ്ധതി പോസ്റ്റ്വാർ ഡവലപ്പ്മെൻറ് പ്രോഗ്രാമിൽ പെടുത്തിയിട്ടുള്ളതു്. ആസ്കീം എന്നു നടപ്പിൽവരുത്തുമെന്നു ഒരു നിശ്ചിത സമയം പറയാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : കഴിയുന്നതും വേഗത്തിൽ നടത്താം.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : അതെപ്പോഴാകുമെന്നു പറയാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : ഒരുകൊല്ലം മാസം തിയ്യതിയും മറ്റും പറയാൻ വിഷമമാണു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യത്തെക്കുറിച്ചു് ഗവൺമെണ്ടിനു കൂടുതൽ ബോദ്ധ്യമുള്ളതുകൊണ്ടാണു് ഈ സ്കീം ഇതിൽ പെടുത്തിയിട്ടുള്ളതു്. അതുകഴിയുന്നതും വേഗത്തിൽ ചെയ്തുകൊടുക്കാം.

Mr. Shabdai S. Koder *(Nominated)*: Is Mattancheryi included?

Rao Sahb K. Ayyappan *(Minister for Public works)*: That will also be considered. അവിടെ ഗവൺമെണ്ടുദ്യോഗസ്ഥന്മാർ അധികമില്ല.

മിസ്സിസ്സു് ടി ഫ്രാൻസിസ്സു് : ഗവൺമെണ്ടിനു ഇപ്പോൾ ഇതു തല്ക്കാലം ചെയ്യാൻ നിവൃത്തിയില്ലെങ്കിൽ ഏതെങ്കിലും അസോസിയേഷൻ ഇതിനു മുൻകൈ പ്രവൃത്തിച്ചു് ഒരു സ്കീം കൊണ്ടുവരികയാണെങ്കിൽ അതു നടപ്പിൽ വരുത്താൻ വേണ്ട സഹായം ചെയ്യാൻ തയ്യാറുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ : ആരുടെയെങ്കിലും പ്രൊപ്പോസൽ വന്നാൽ ഗവൺമെണ്ടു അതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

POST OF DIVISIONAL TREASURY OFFICERS—CREATION OF—RECOMMENDATION REGARDING

165. Mr. K. I. Velayudhan *(Ezhuvas-Talappalli)*: Will Government be pleased to state.—

(a) whether the Comptroller of Finance and Accounts recommended to create the post of Divisional Treasury Officers (Samprathies) on a scale of Rs. 150—200 two years ago; what became of it;

(b) have their pay been revised since then in accordance with that;

(c) has the Comptroller recommended the grant of duty allowance to the Samprathies in the year 1934; were they sanctioned; if not, why not;

(d) what is the percentage in the increase of transaction in the Treasuries within the last 5 years;

(e) were there representation from the Samprathies of the State of this heavy work and inadequate salaries?

Mr. K. Govinda Menon *(Comptroller of Finance and Accounts)*:

(a) Yes. The recommendation was not accepted by Government.

(b) No.

(c) The question cannot be answered with any certainty at this distance of time. The files of the period on the subject are not available.

LIBRARY ARCHIVES Kerala Legislative Assembly